പുതിയ പാലങ്ങൾ

* 176 [189] ശ്രീ. വട്ടിയൂർക്കാവ് രവി: താഴെ കാണുന്ന ചോദ്യത്തിന് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സാമ്പത്തികവർഷത്തിൽ ഏറ്റെടുത്ത എത്ര പാലങ്ങളുടെ പണി പൂർത്തിയായി?

മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. പങ്കജാക്ഷൻ): രണ്ട്.

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ

155 [235] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഇതിനകം എത്ര വർക്കുകൾ ഏറ്റെടുത്തു;

(ബി) അവ എവിടെയെല്ലാം?

ഉത്തരം

(എ) ഇതിനകം 85 വർക്കുകൾ ഏറ്റെടുത്തു. ഇവയിൽ 39 എണ്ണം പൂർത്തിയായി. ബാക്കിയുള്ളവയുടെ ജോലി നടന്നുകൊണ്ടിരിക്കുന്നു.

(ബി) കണ്ണൂർ, വളപട്ടണം, കോഴിക്കോട് (യൂണിവേഴ്സിറ്റി), തിരൂർ, പാലക്കാട്, പീച്ചി, തൃശ്ശൂർ, ഗുരുവായൂർ, ചാലക്കുടി, തൃക്കാക്കര, എറണാകുളം, കളമശ്ശേരി (കൊച്ചിൻ യൂണിവേഴ്സിറ്റി), കുമ്പളം, അരൂർ, (കൊച്ചിൻ ബൈപാസ് പാലങ്ങൾ) ആലപ്പുഴ, ആലപ്പുഴ-ചങ്ങനാശ്ശേരി പാലങ്ങൾ, ആറ്റിങ്ങൽ, പാലോട്, വിതുര, തിരുവനന്തപുരം, വെള്ളായണി, തിരുവല്ല, വട്ടിയൂർക്കാവ് എന്നീ സ്ഥലങ്ങളിൽ.

ഇത് കൂടാതെ ലിബിയയിൽ (ആഫ്രിക്ക) എട്ടുകോടി രൂപയുടെ ജോലികൾ ഏറ്റെടുത്ത് നടത്തിവരുന്നു. പുതിയതായി എട്ടുകോടി രൂപയുടെ ജോലികൾ കൂടി ഏറ്റെടുക്കാനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്.

ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ ചെലവിൽ റോഡുകൾ

156 [236] ശ്രീ. ടി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ ചെലവിൽ എത്ര റോഡുകളും പാലങ്ങളും ആരംഭിച്ചിട്ടുണ്ട്: ഇനിയും പണി ആരംഭിക്കാത്ത എത്ര റോഡുകളുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വെട്ടൂർ—നെടുങ്ങണ്ട റോഡിന് അനുവാദം നൽകി ബഡ്ജറ്റിൽ തുക കൊള്ളിച്ചിട്ടും ഇനിയും പണി ആരംഭിക്കാതിരിക്കാൻ കാരണമെന്ത്; എത്ര വർഷമായി പണം അനുവദിച്ചിട്ടെന്നു പറയാമോ?

ഉത്തരം

(എ) ഫിഷറീസ് ഡെവലപ്പ്മെൻറ് വിഭാഗത്തിൽ തിരുവനന്തപുരം ബി. ആൻറ് ആർ. ഡിവിഷൻ മൂന്നു പണി നടത്താനുള്ളതിൽ ഒന്ന് പൂർത്തിയാക്കി, ഒന്നു ഭാഗീകമായി നടന്നു. ഒരെണ്ണം തുടങ്ങാനുണ്ട്.

(ബി) ആവശ്യമായ സ്ഥലം പൊന്നും വിലയ്ക്കെടുത്തു കിട്ടാനുള്ള താമസം കൊണ്ടാണ് ഈ പണി ആരംഭിക്കാത്തത്. 1976–77 സാമ്പത്തിക വർഷം മുതൽ ബഡ്ജറ്റിൽ തുക കൊള്ളിച്ചിട്ടുണ്ട്. റോഡിലെ പാലം പണിതു കഴിഞ്ഞു.

Bridge to connect Ernakulam with Vypeen Island

157 [237] **Sri Stephen Padua**: Will the Works and Sports Minister be pleased to state:

Whether there is any proposal at present to construct necessary bridges to connect Ernakulam with Vypeen Island.

Answer

There was a proposal to construct bridges. This was to be considered along with the proposal to establish Super Tanker Berth. The proposal is now being taken up with the Cochin Port Trust and the Greater Cochin Development Authority.

കോഴാ—നീഴൂർ റോഡ് ടാർ ചെയ്യൽ

158 [238] ശ്രീ. പി. പി. എസ് തോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കോട്ടയം ഡിസ്ട്രിക്റ്റിൽപ്പെട്ട കോഴാ–നീഴൂർ റോഡിൽ കുറെ ഭാഗം ടാർ ചെയ്യാതെകിടക്കുന്നത് ടാർ ചെയ്യുന്നതിനുള്ള നടപടി ആയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ വേണ്ട തുക ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ച് അടുത്ത വർഷമെങ്കിലും പണിപൂർത്തിയാക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) അടുത്ത വർഷത്തെ ബഡ്ജറ്റു തയ്യാറാക്കുമ്പോൾ ഇത് പരിഗണിക്കുന്നതാണ്. ബഡ്ജറ്റിൽ തുക കൊള്ളിച്ചതിനുശേഷം മേൽ നടപടി എടുക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly